ഇ.എം. (1) 56621/2017 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27.12.2017

# സർക്കുലർ നം. 57/2017

വിഷയം. ജില്ല സഹകരണ ബാങ്ക് – അംഗസംഘങ്ങളിലെ ജീവനക്കാർക്കുള്ള സംവരണ ആനുകൂല്യ പ്രകാരം പി.എസ്.സി മുഖേന ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിച്ചവരുടെ സർവീസ് വെയിറ്റേജ് പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന.
1. 8.12.2017 ലെ സ.ഉ(കൈ)നം. 39/2017/സഹ.നം ഉത്തരവ്
2. 31.3.2015 ലെ സ.ഉ.(കൈ)നം. 49/2015/സഹ.നം. ഉത്തരവ്
3. 24.4.2015 ലെ സ.ഉ(കൈ) 59/2015/സഹ.നം. ഉത്തരവ്
4. 22.9.2015 ലെ സ.ഉ(കൈ) 119/2015/സഹ.നം. ഉത്തരവ്

......

കേരള സഹകരണ നിയമം ചട്ടം 187 പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ 50% തസ്തികകൾ അംഗസംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അംഗസംഘങ്ങളിൽ ശമ്പള സ്കെയിലോടുകൂടി റഗുലർ തസ്തികകളിൽ സേവനമനുഷ്ഠിക്കുകയും തുടർന്ന് പി.എസ്.സി മുഖേന സഹകരണ സംഘം ചട്ടം 187 ലെ സംവരണാനുകൂല്യങ്ങൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ സർവീസിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത അംഗസംഘങ്ങളിലെ സേവനം പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സൂചന (2), (3),(4) സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്തു കൊണ്ടും, അംഗ സംഘങ്ങളിലെ സേവനം സർവീസ് വെയിറ്റേജിന് പരിഗണിക്കുന്നത് സംബന്ധിച്ചും സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അംഗസംഘങ്ങളിൽ ശമ്പള സ്കെയിലോടുകൂടി റഗുലർ തസ്തികകളിൽ സേവനമനുഷ്ഠിക്കുകയും, തുടർന്ന് പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേന സഹകരണ സംഘം ചട്ടം 187 ലെ സംവരണാനുകൂല്യങ്ങൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ സർവീസിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത അംഗസംഘങ്ങളിൽ 3 മുതൽ 10 വർഷം വരെ സേവന ദൈർഘ്യമുണ്ടെങ്കിൽ ഒരു ഇൻക്രിമെന്റും, 10 വർഷത്തിൽ കൂടുതൽ സേവന ദൈർഘ്യമുണ്ടെങ്കിൽ 2 ഇൻക്രിമെന്റും സർവീസ് വെയിറ്റേജ് നൽകി 1.4.2012 മുതൽ പ്രാബല്യത്തിൽ അവരുടെ ശമ്പളം നിർണ്ണയിക്കാവുന്നതാണ്. ഇപ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ 1.4.2012 മുതൽ 31.3.2015 വരെയുള്ള കാലയളവിൽ സാങ്കൽപ്പിക ആനുകൂല്യവും (നോഷണൽ ബെനിഫിറ്റ്) 1.4.2015 തീയതി മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിനും അനുമതി നൽകുന്നു. ടി സർക്കുലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ലിയു.പി.(സി)12267/2015(ജി), ഡബ്ലിയു.പി.(സി)13218/2015 എന്നിവയിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായിരിക്കും.

ഒപ്പ്,

സി.എം.അജേയ്യമോഹൻ
സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്).